## KTET 2020 FABRUARY SET - D

## CATEGORY-I

## PART - 1

## Child Development and Pedagogy

## Question Numbers 1 to 30

1. അഞ്ചാം തരത്തിൽ പഠിക്കുന്ന അമൃതയും ആഷ്നയും അവരുടെ പന്ത്രണ്ടാമത് പിറന്നാൾ കഴിഞ്ഞ ആഴ്ച ആഘോഷിച്ചു. അവരിരുവരുടെയും മാനസിക വയസ് 12 (പന്ത്രണ്ട്) ആണെങ്കിൽ ഐ.ക്യൂ. എത്ര ?

   (A) 100

   (B) 60

   (C) 80

   (D) 120

2. വൈഗോട്സ്കിയുടെ അഭിപ്രായത്തിൽ കുട്ടികളുടെ വികാസവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത് ?

   (A) കുട്ടിയുടെ വികാസം ആദ്യം വ്യക്തിതലത്തിലും പിന്നീട് സാമൂഹ്യതലത്തിലും സംഭവി- ക്കുന്നു

   (B) കുട്ടിയുടെ വികാസം ആദ്യം സാമൂഹ്യതലത്തിലും പിന്നീട് വ്യക്തിതലത്തിലും സംഭവി- ക്കുന്നു

   (C) കുട്ടിയുടെ വികാസത്തിൽ സാമൂഹ്യതലത്തിന് നേരിയ പ്രാധാന്യമാണുള്ളത്

   (D) കുട്ടിയുടെ വികാസത്തെ സ്വാധീനിക്കുന്നത് സാമൂഹ്യതലം മാത്രമാണ്.

3. അബ്രഹാം മാസ്ലോയുടെ സിദ്ധാന്തപ്രകാരം മമത, സ്വീകരണം, ഭാഗമാവൽ എന്നിവ ഏത് ആവശ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു ?

   (A) സ്നേഹത്തിനു വേണ്ടിയുള്ള ആവശ്യം

   (B) വൈജ്ഞാനിക ആവശ്യം

   (C) അഭിമാനബോധവുമായി ബന്ധപ്പെട്ട ആവശ്യം

   (D) ശാരീരിക ആവശ്യം

4. താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനയിൽ 'റൈറ്റ്സ് ഓഫ് പേഴ്സൺ വിത്ത് ഡിസ്എബിലിറ്റീസ് ആക്ട്'ൽ (2016) ഉൾപ്പെടാത്തത് ?

   (A) എച്ച്. ഐ.വി. രോഗികളെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

   (B) ലിസ്റ്റിലെ വൈകല്യങ്ങളുടെ എണ്ണം ഏഴിൽ നിന്നും ഇരുപത്തി ഒന്നാക്കി ഉയർത്തി-

യിട്ടുണ്ട്

(C) ആസിഡ് ആക്രമണത്തിൽ നിന്നും അതിജീവിച്ചവരെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

(D) 'തലാസീമിയ', ഹീമോഫീലിയ' 'സിക്കിൾ സെൽ ഡിസീസ്' എന്നിവയെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

5. കുട്ടികളിൽ അഭിപ്രേരണ ഉണ്ടാക്കുന്നതിനായി താഴെ കൊടുത്തിരിക്കുന്നവയിൽ ഏത് ചോദകവ്യതിയാനം ഒരു അധ്യാപകന് / അധ്യാപികയ്ക്ക് സ്വീകരിക്കാം ?

(A) അധ്യാപകന്റെ/അധ്യാപികയുടെ ചലനം

(B) അധ്യാപകന്റെ/അധ്യാപികയുടെ അംഗവിക്ഷേപങ്ങൾ

(C) സ്ഥിതിവ്യതിയാനങ്ങൾ

(D) മുകളിൽ പറഞ്ഞവയെല്ലാം

6. വിപുലീകരണം, വാചാലത, അയവുള്ളത്, മൗലികത എന്നിവ ഏതിന്റെ പ്രത്യേകതകളാണ്?


(A) സർഗ്ഗപരത

(B) ബുദ്ധി

(C) വ്യക്തിത്വം

(D) ശ്രദ്ധ

7. ചോക്ക് ബോർഡിൽ താഴെ കൊടുത്ത ചിത്രം കണ്ടപ്പോൾ കുട്ടികൾ അതിനെ നക്ഷത്രം എന്നു വിളിച്ചു. ജെസ്റ്റാൾട്ട് മനഃശ്ശാസ്ത്രജ്ഞർ ഇതിനെ വിശദീകരിക്കുന്നത്



ചിത്രം

(A) സാമീപ്യനിയമം

(B) പരിപൂർത്തി നിയമം

(C) സാദൃശ്യനിയമം

(D) സങ്കീർണ്ണതാ നിയമം

8. നഖം കടിക്കൽ, തല ചൊറിയൽ, അക്രമാസക്തി, ഒളിച്ചോട്ടം എന്നിവ ലോവർ പ്രൈമറി ക്ലാസ്സിലെ ഒരു കുട്ടി സ്ഥിരമായി പ്രകടിപ്പിക്കുന്ന ചില സ്വഭാവങ്ങളാണ്.അവൻ ഒരു,

(A) അപസമായോജനമുള്ള കുട്ടിയാണ്

(B) സമായോജനമുള്ള കുട്ടിയാണ്

(C) പഠനവൈകല്യമുള്ള കുട്ടിയാണ്

(D) പ്രതിഭാധനനായ കുട്ടിയാണ്

9. ഋണാത്മക വികാരത്തിന് താഴെ കൊടുത്തിരിക്കുന്നവയിൽ ഉദാഹരണമേത് ?

(A) ദേഷ്യം

(B) വിനോദം

(C) സ്നേഹം

(D) ജിജ്ഞാസ

10. കാഴ്ച പരിമിതിയുള്ള കുട്ടികൾക്കായുള്ള മൂല്യനിർണയത്തിൽ താഴെ പറയുന്നവയിൽ ഏതൊക്കെ രീതികൾ ഉപയോഗിക്കാം ?

(A) ചോദ്യങ്ങൾ, വലുതായി അച്ചടിച്ച് നൽകുക.

(B) ടേപ്പ് റെക്കോർഡർ വഴി ചോദ്യങ്ങൾ നൽകുവാനും ഉത്തരങ്ങൾ റെക്കോർഡ് ചെയ്യുവാനും അവസരം നൽകുക

(C) ബ്രെയ്‌ലി കുത്തിടുന്നതിൽ വരുന്ന പിശകുകൾക്ക് മാർക്ക് കുറക്കാതിരിക്കുക

(D) മുകളിൽ പറഞ്ഞവയെല്ലാം

11. കുട്ടികളിലെ സംസാരിക്കുവാനും എഴുതുവാനുമുള്ള കഴിവ് വർദ്ധിപ്പിക്കുവാനായി, ഒരു അധ്യാപകൻ, അധ്യാപിക കുട്ടികളെ,

(A) കഥപറച്ചിലിൽ പങ്കെടുപ്പിക്കുന്നു

(B) റെക്കോർഡ് ചെയ്ത നാടകങ്ങൾ കേൾപ്പിക്കുന്നു

(C) സ്വതന്ത്ര സംഭാഷണത്തിന് അവസരം നൽകുന്നു

(D) മുകളിൽ പറഞ്ഞവയെല്ലാം

12. മറവിയുമായി ബന്ധപ്പെട്ട വക്രം ആരുടെ സംഭാവനയാണ് ?

(A) എറിക് എച്ച്.എറിക്സൺ

(B) എബ്ബിൻഗ്ഹോസ്

(C) അറ്റ്കിൻസൺ

(D) മാക് ക്ലെല്ലാന്റ്

13. ക്ലാസ്സ്മുറിയിൽ ഓരോ കുട്ടിക്കും വ്യത്യസ്ത തരത്തിലുള്ള ഭാഷാകേളികൾ അധ്യാപകൻ/ അധ്യാപിക നൽകുന്നു. ഇവിടെ ഏത് തരം വ്യക്തിവ്യത്യാസങ്ങളാണ് അധ്യാപകൻ/ അധ്യാപിക പരിഗണിക്കുന്നത് ?

(A) ശാരീരിക ഗുണങ്ങൾ

(B) ബുദ്ധി

(C) ചാലകശേഷി

(D) മുകളിൽ പറഞ്ഞതെല്ലാം

14. ഒരു പ്രൈമറി ക്ലാസ്സിലെ അധ്യാപകൻ/അധ്യാപിക ചോക്ക് ബോർഡിൽ ഒരു അക്ഷരം എഴുതി അത് ഉറക്കെ ഉച്ചരിക്കുകയും അത് കുട്ടികളോട് പിൻതുടരുവാനും ആവർത്തിക്കുവാനും ആവശ്യപ്പെട്ടു. ക്രമേണ കുട്ടികൾ ആ അക്ഷരവും അതിന്റെ ഉച്ചാരണവും പഠിച്ചു. ഇവിടെ അധ്യാപകൻ/അധ്യാപിക സ്വീകരിച്ചത്,

(A) സന്നദ്ധതാനിയമം

(B) പൗരാണികാനുബന്ധനം

(C) സാമീപ്യനിയമം

(D) പ്രക്രിയാനുബന്ധനം

15. മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന സുമേഷ് എന്ന കുട്ടി സിഗ്മണ്ട് ഫ്രോയിഡിന്റെ മനോ-ലൈംഗിക സിദ്ധാന്തപ്രകാരം ഏത് ഘട്ടത്തിലാണ് ഉൾപ്പെടുക ?

(A) നിർലീനഘട്ടം

(B) വദനഘട്ടം

(C) ഗുദഘട്ടം

(D) ജനനേന്ദ്രിയ ഘട്ടം

16. അഞ്ച്, പത്ത്, പതിനഞ്ച് എന്നീ ക്രമത്തിൽ സ്കോറുകൾ കരസ്ഥമാക്കിയ കുട്ടികൾക്ക് മാത്രം ക്ലാസ്സിൽ വെച്ച് അധ്യാപകൻ/അധ്യാപിക 'നക്ഷത്ര അടയാളങ്ങൾ' നൽകി.ഇവിടെ അധ്യാപകൻ/അധ്യാപിക സ്വീകരിച്ചത് :

(A) തുടർച്ചയായ പ്രബലന പദ്ധതി

(B) നിശ്ചിത ഇടവേള പ്രബലന പദ്ധതി

(C) നിശ്ചിത അംശബന്ധ പ്രബലന പദ്ധതി

(D) ചഞ്ചല അംശബന്ധ പ്രബലന പദ്ധതി

17. കുട്ടിയുടെ പഠനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം ?

(A) പഠിതാവിന്റെ സന്നദ്ധത

(B) പഠിതാവിന്റെ അഭിപ്രേരണ

(C) പഠിതാവിന്റെ പരിപക്വത

(D) മുകളിൽ പറഞ്ഞവയെല്ലാം

18. കുട്ടികളിൽ എഴുതുവാനുള്ള സന്നദ്ധത വളർത്തുവാൻ താഴെ കൊടുത്തിരിക്കുന്നവയിൽ ഏതൊക്കെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാം ?

(1) സൂക്ഷ്മമായ കളർ നൽകൽ

(2) രേഖകളും വക്രങ്ങളും വരയ്ക്കൽ

(3) മണലിൽ എഴുത്ത്

(4) മേലെ വെച്ച വരയ്ക്കൽ

(A) (1),(2),(3) എന്നിവ മാത്രം

(B) (1),(2),(3),(4) എന്നിവയെല്ലാം

(C) (2) ഉം (4) ഉം മാത്രം

(D) (1) ഉം (4) ഉം മാത്രം

19. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത് ?

(A) അന്തർനിരീക്ഷണം എല്ലാത്തരം കുട്ടികളിലും നടത്താവുന്നതാണ്

(B) അപസാമാന്യ വ്യക്തികളിൽ അന്തർനിരീക്ഷണം എളുപ്പത്തിൽ നടത്താവുന്നതാണ്

(C) അന്തർനിരീക്ഷണം വഴി ശേഖരിച്ച ദത്തങ്ങൾ വസ്തുനിഷ്ഠമായിരിക്കും

(D) മനഃശാസ്ത്രത്തിലെ ഏറ്റവും പഴക്കം ചെന്ന ഒരു രീതിയാണ് അന്തർനിരീക്ഷണം

20. പുരോഗമനാത്മക വിദ്യാഭ്യാസത്തിന്റെ സവിശേഷതകളിൽ പെടുന്നത്,

(1) ചെയ്തു പഠിക്കുന്നതിന് പ്രാമുഖ്യം

(2) സഹകരണപഠനവും പ്രോത്സാഹിപ്പിക്കൽ

(3) പാഠപുസ്തകങ്ങൾക്ക് മാത്രം പ്രാമുഖ്യം നൽകൽ

(4) പ്രശ്ന നിർദ്ധാരണത്തിനും വിമർശനാത്മക ചിന്തയ്ക്കും പ്രാമുഖ്യം നൽകൽ

(A) (1),(2),(3) എന്നിവ മാത്രം

(B) (1),(2),(4) എന്നിവ മാത്രം

(C) (2),(3),(4) എന്നിവ മാത്രം

(D) (1),(2),(3),(4) എന്നിവ

21. സങ്കലിത വിദ്യാഭ്യാസം നടപ്പിലാക്കുവാൻ താഴെ കൊടുത്തിരിക്കുന്നവയിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കണം ?

(A) രക്ഷിതാക്കളെ സ്കൂൾ പ്രവർത്തനങ്ങളിൽ വാളണ്ടിയർ ആക്കുക

(B) ബഹു ഇന്ദ്രിയ രീതി സ്വീകരിക്കുക

(C) കുട്ടികൾക്ക് എന്ത് ചെയ്യുവാൻ കഴിയും എന്നതിന് പ്രാധാന്യം നൽകുക

(D) മുകളിൽ പറഞ്ഞവയെല്ലാം

22. താഴെ കൊടുത്തിരിക്കുന്നവയിൽ സമായോജന പഠിതാവിന്റെ ലക്ഷണങ്ങളിൽ പെടാത്തത് ഏത് ?

(A) ലോകത്തെക്കുറിച്ചുള്ള യഥാർത്ഥമായ അവബോധം

(B) ഒറ്റപ്പെട്ട സാഹചര്യവുമായി പൊരുതാനുള്ള കഴിവ്

(C) കുറ്റം കണ്ടെത്താനും നിരൂപണം നടത്താനുമുള്ള മനോഭാവം

(D) തന്റെ ശക്തിയും ദൗർബല്യവും തിരിച്ചറിയുക

23. താഴെ കൊടുത്തിരിക്കുന്നവയിൽ കുട്ടികളിലെ വിവ്രജന ചിന്താശേഷി വളർത്തുവാൻ ഉതകാത്ത ചോദ്യം ഏത് ?

(A) വനം കൊണ്ടുള്ള വ്യത്യസ്ത ഉപയോഗങ്ങൾ എന്തെല്ലാം ?

(B) ന്യൂസ് പേപ്പറിന്റെ ഉപയോഗങ്ങൾ എന്തെല്ലാം ?

(C) സസ്യങ്ങൾ ഓക്സിജൻ ഉൽപ്പാദനം നിർത്തിയാൽ എന്ത് സംഭവിക്കും ?

(D) റേഡിയോ കണ്ടുപിടിച്ചതാര് ?

24. ആറ് മുതൽ പതിനാല്ല വയസു പ്രായമുള്ള കുട്ടികളുടെ മൗലീക അവകാശമായി വിദ്യാഭ്യാസം മാറിയത് നമ്മുടെ ഭരണഘടനയിലെ ഏത് ആർട്ടിക്കിൾ പ്രകാരമാണ് ?

(A) ആർട്ടിക്കിൾ 21-A

(B) ആർട്ടിക്കിൾ 45

(C) ആർട്ടിക്കിൾ 31

(D) ആർട്ടിക്കിൾ 51

25. ആൺകുട്ടികളുംപെൺകുട്ടികളുംഒരുമിച്ച്പഠിക്കുന്നവിദ്യാലയത്തിൽആൺകുട്ടികളെകൊണ്ട് മാത്രം അസംബ്ലി സംഘടിപ്പിക്കുന്നത് ഏതിനുള്ള ഉദാഹരണമാണ് ?

(A) വ്യക്തിവ്യത്യാസം

(B) ലിംഗ സമത്വം

(C) ലിംഗ വിവേചനം

(D) ലിംഗ സ്ഥിരരൂപീകരണം

26. അധ്യാപകൻ/അധ്യാപിക ക്ലാസ്സിൽ സംഖ്യകളുടെ സങ്കലനം പഠിപ്പിച്ചശേഷം ഗുണനം അവതരിപ്പിച്ചു. ഇവിടെ അധ്യാപകൻ/അധ്യാപിക കുട്ടികളെ സഹായിക്കുന്നത്,

(A) ന്യൂന സംക്രമണം

(B) ശൂന്യ സംക്രമണം

(C) അധിക സംക്രമണം

(D) ദ്വിപാർശ്വ സംക്രമണം

27. താഴെ കൊടുത്തിരിക്കുന്നവയിൽ കുട്ടിയുടെ വികസനത്തെ സ്വാധീനിക്കുന്ന പാരിസ്ഥിതിക ഘടകങ്ങളിൽ പെടാത്തത് ഏത് ?

(A) സമസംഘങ്ങൾ

(B) പാരമ്പര്യ വിശ്വാസങ്ങൾ

(C) ക്രോമസോമുകൾ

(D) സമൂഹം

28. താഴെ പറയുന്നവയിൽ കുട്ടിയുടെ ഭാഷാ വികസനത്തെ സ്വാധീനിക്കുന്ന ഘടകം ഏത്?

(A) കുടുംബാന്തരീക്ഷം

(B) കുട്ടിയുടെ മാനസിക വികാസം

(C) കുട്ടിയുടെ പക്വതാക്രമം

(D) മുകളിൽ പറഞ്ഞവ എല്ലാം

29. വലിയ അക്ഷരവും ചെറിയ അക്ഷരവും ഇടകലർത്തി എഴുതൽ, ക്രമരഹിതമായ വലിപ്പത്തിലുള്ള അക്ഷരങ്ങളും അടയാളങ്ങളും, പൂർത്തിയാക്കാത്ത അക്ഷരങ്ങൾ, സ്പഷ്ടതയുടെ അപര്യാപ്തത, പൂർത്തീകരിക്കാത്ത വാക്കുകളും നിരവധി വിട്ടുകളയലുകൾ എന്നിവ രാഹുലിന്റെ നോട്ട് പുസ്തകത്തിലെ ചില തെറ്റുകളാണ്.രാഹുൽ ഒരു.

(A) ആലേഖന വൈകല്യമുള്ള കുട്ടിയാണ്

(B) വായനാവൈകല്യമുള്ള കുട്ടിയാണ്

(C) ഗണനവൈകല്യമുള്ള കുട്ടിയാണ്

(D) പ്രയോഗവൈകല്യമുള്ള കുട്ടിയാണ്

30. താഴെക്കൊടുത്തിരിക്കുന്ന സാഹചര്യങ്ങളിൽ നിന്ന് ഋണാത്മക പ്രബലനത്തിന് ഉദാഹരണം കണ്ടെത്തുക.

(A) ഗൃഹപാഠം ചെയ്തുവരാത്ത കുട്ടികൾക്ക് ഇമ്പോസിഷൻ നൽകി.


(B) തലേദിവസം അവധി ആയിരുന്ന കുട്ടികൾക്ക് അധിക ഗൃഹപാഠം നൽകി.

(C) അധ്യാപികയുടെ/ അധ്യാകന്റെ നിർദ്ദേശത്തെ തുടർന്ന് ഇമ്പോസിഷൻ ലഭിക്കാതിരിക്കുവാൻ എല്ലാ കുട്ടികളും ഗൃഹപാഠം ചെയ്തു.

(D) പ്രധാനാധ്യാപകന്റെ നിർദ്ദേശത്തെ തുടർന്ന് ഗൃഹപാഠം ചെയ്യാത്ത കുട്ടികളെ അധ്യാപിക/അധ്യാപകൻ ക്ലാസ്സിൽ നിന്നും പുറത്താക്കി

## PART - 1
## Mathematics
## Question Numbers 31 to 60

31.




ഒരു കലണ്ടറിന്റെ ഭാഗമാണ് ചിത്രത്തിൽ 'x' നെ കുറിക്കുന്ന തീയ്യതി ഏതാണ്?

(A) 11

(B) 10

(C) 12

(D) 9

32. വിട്ടഭാഗം പൂരിപ്പിക്കുക

4, 16, ____, ____, 100, 144, 196, ____

(A) 36, 64

(B) 36, 49

(C) 49, 64

(D) 49, 81

33. താഴെകൊടുത്തതിൽ ചെറിയ ഭിന്നസംഖ്യ ഏത് ?

(A) $\frac{2}{3}$

(B) $\frac{1}{4}$

(C) $\frac{1}{5}$

(D) $\frac{5}{6}$

34. $\frac{27 \times 64 + 64 \times 23}{49 \times 50 + 50 \times 15} =$ ______


(A) $\frac{64}{50}$

(B) 2

(C) $\frac{27}{15}$

(D) 1

35. ചിത്രത്തിൽ സമചതുരത്തിന്റെ രണ്ട് വശങ്ങളുടെ മധ്യബിന്ദുക്കൾ യോജിപ്പിച്ചിരിക്കുന്നു. ഷെയിഡ് ചെയ്ത ത്രികോണം സമചതുരത്തിന്റെ എത്ര ഭാഗമാണ് ?



(A) $\frac{1}{16}$

(B) $\frac{1}{3}$

(C) $\frac{1}{4}$

(D) $\frac{1}{8}$

36. ഗണിതബോധന തന്ത്രത്തെക്കുറിച്ച് ഏറ്റവും അനുയോജ്യമായ പ്രസ്താവന ഏത് ?

(A) കുട്ടികൾക്ക് വസ്തുതകൾ ഓർമ്മിക്കാനുള്ള കഴിവുണ്ടാക്കുക

(B) കുട്ടികളെ അറിവ് നിർമ്മിക്കാൻ പ്രാപ്തരാക്കുക

(C) കുട്ടികൾക്ക് എല്ലാ അറിവുകളും പറഞ്ഞ് കൊടുക്കുക

(D) ധാരാളം ഗൃഹപാഠം നല്കുക

37. താഴെ കൊടുത്തിരിക്കുന്നവയിൽ ഒരു പ്രക്രിയാശേഷി അല്ലാത്തത് ഏത് ?

(A) സാമാന്യവൽക്കരിക്കൽ

(B) പട്ടികപ്പെടുത്തൽ

(C) ഊഹിക്കൽ

(D) കുറയ്ക്കൽ

38. താഴെ കൊടുത്തിരിക്കുന്നതിൽ ബീജഗണിതത്തിന്റെ സവിശേഷതയിൽ പെടാത്തത് ഏത്?

(A) അങ്കഗണിതത്തിന്റെ സാമാന്യരൂപമാണ്

(B) പ്രതിരൂപാത്മകമാണ്

(C) ആശയങ്ങളുടെ പരസ്പരബന്ധമാണ് കൈകാര്യം ചെയ്യുന്നത്

(D) വലിയ സംഖ്യകളുടെ തുക കാണാൻ എളുപ്പമാകുന്നു

39. 999 + 499 + 999 + 9999 + 499 = ______.

(A) 99975

(B) 12995

(C) 3995

(D) 12095

40. ഒരു ചതുരത്തിന്റെ ചുറ്റളവും പരപ്പളവും ഒരേസംഖ്യ ആകുന്നത് എപ്പോൾ ?


(A) പരപ്പളവ് 16 ആയ സമചതുരങ്ങൾക്ക്

(B) വശങ്ങളുടെ നീളങ്ങൾ 10 ഉം 5 ഉം ആയ ചതുരത്തിന്

(C) ചുറ്റളവ് 16 ആയ ചതുരത്തിന്

(D) 16 യൂണിറ്റ് വശമായ ഒരു സമചതുരത്തിന്

41. യൂണിറ്റ് സമചതുരങ്ങൾ ഉപയോഗിച്ച് വരച്ച സ്റ്റെപ്പുകളാണ് ചിത്രത്തിൽ. ഈ രീതിയിൽ പത്താമത്തെ സ്റ്റെപ്പിൽ എത്ര യൂണിറ്റ് സമചതുരങ്ങൾ ഉണ്ടാകും ?



(A) 65

(B) 55

(C) 94

(D) 110

42. $1\frac{1}{2} \div \frac{1}{2}$ എന്നതിനെക്കുറിച്ച് ശരി അല്ലാത്ത പ്രസ്താവന ഏത് ?

(A) $\frac{3}{2} \div \frac{1}{2}$

(B) $\left(\frac{1}{2} \div \frac{1}{2}\right) + \left(\frac{1}{2} \div \frac{1}{2}\right) + \left(\frac{1}{2} \div \frac{1}{2}\right)$

(C) $1\frac{1}{2}$ യുടെ പകുതി

(D) $\frac{3}{2} \times 2$

43. $\frac{3}{4}$ നും $\frac{3}{5}$ നും ഇടയിലുള്ള ഭിന്നസംഖ്യ ഏത് ?

(A) $\frac{27}{20}$

(B) $\frac{2}{5}$

(C) $\frac{2}{3}$

(D) $\frac{1}{2}$

44. 'ദശാംശസംഖ്യകൾ' എന്ന ആശയം അവതരിപ്പിക്കുന്നതിന് ആവശ്യമായ മുന്നറിവ് ഏതാണ് ?

(A) ദശാംശസംഖ്യകളുടെ സങ്കലനം

(B) ഭിന്നസംഖ്യകൾ

(C) ന്യൂനസംഖ്യകൾ (നെഗറ്റീവ് സംഖ്യകൾ)

(D) തുല്യഭിന്നകങ്ങൾ

45. ആശായാവതരണ ഘട്ടങ്ങളിലെ (ELPS) E എന്നത് ഒരു പ്രവർത്തനത്തിൽ താഴെ കൊടുത്തിരിക്കുന്ന ഏതിനെ പ്രതിനിധാനം ചെയ്യുന്നു ?

(A) കൂട്ടത്തിൽ നിന്ന് 7 പൂക്കൾ ശേഖരിക്കൽ

(B) കൂട്ടത്തിൽനിന്ന് 7 പൂക്കൾക്ക് നിറം കൊടുക്കൽ

(C) 7 നെ തിരിച്ചറിയുകയും വായിക്കുകയും ചെയ്യൽ

(D) 7 എന്ന സംഖ്യ എഴുതൽ

46. 10, 21, 32, 43, 54, ............. ഈ പാറ്റേണുമായി ബന്ധപ്പെട്ട് ശരിയായത് ഏത് ?

(A) ഇതിൽ 331 ഉണ്ടാകും

(B) ഇതിൽ 99 ഉണ്ടാകും

(C) ഇതിൽ 329 ഉണ്ടാകും

(D) ഇതിൽ 329 ഉണ്ടാകും

47. കേരളീയ ഗണിത ശാസ്ത്രജ്ഞനല്ലാത്തത് ആര് ?

(A) നീലകണ്ഠ സോമയാജി

(B) പരമേശ്വര

(C) ശങ്കരവാര്യർ

(D) രാമാനുജൻ

48. മൂന്ന് അഭാജ്യസംഖ്യകളുടെ തുക 22 ആണ്. അതിൽ വലിയ സംഖ്യ ഏത് ?

(A) 13

(B) 7

(C) 19

(D) 17

49. $1\frac{1}{4}$ കിലോ തക്കാളിക്ക് 75 രൂപ.എന്നാൽ കിലോ തക്കാളിയുടെ വില എത്ര ?

(A) 25 രൂപ

(B) 40 രൂപ

(C) 30 രൂപ

(D) 15 രൂപ

50. ഒരു നല്ല ഗണിതാധ്യാപികയുടെ റോൾ അല്ലാത്തത് ഏത് ?

(A) ചിന്തയുടെ ഗണിതവൽക്കരണത്തിന് അവസരം നൽകൽ

(B) ധാരാളം പരിശീലന പ്രശ്നങ്ങൾ നൽകൽ

(C) ഊഹത്തിനും മനഃക്കണക്കിനും അവസരം നൽകൽ

(D) നിത്യജീവിതത്തിലെ ഗണിത പ്രശ്നങ്ങൾ അപഗ്രഥിക്കാൻ അവസരം നൽകൽ

51. a, b, c എന്നിവ തുടർച്ചയായ മൂന്ന് എണ്ണൽ സംഖ്യകളാണ്.എന്നാൽ താഴെ കൊടുത്തവയിൽ ശരി അല്ലാത്ത പ്രസ്താവന ഏത് ?

(A) a + b + c = 30

(B) a + b + c = 273

(C) a + b + c = 631

(D) a + b + c = 111

52. ഗുണനത്തെ സംബന്ധിച്ച് ശരി അല്ലാത്ത പ്രസ്താവന ഏത് ?

(A) ഗുണനം തുടർച്ചയായ സങ്കലനമാണ്

(B) ഗുണനം ഹരണത്തിന്റെ വിപരീതമാണ്

(C) ഗുണനം തുടർച്ചയായ വ്യവകലനമാണ്

(D) ഗുണനത്തിന് ഉദാഹരണമായി 3+3+3=3x3=9 എന്ന് എഴുതാം

53. 9 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം 1 വരുന്ന സംഖ്യയേത് ?

(A) 81342191

(B) 22329891

(C) 66335391

(D) 36457291

54. 1.9 നോട് എന്ത് കൂട്ടിയാൽ 2.01 കിട്ടും ?

(A) 0.11

(B) 1.01

(C) 0.01

(D) 1.11

55. $200 - 192\frac{1}{4} - 7\frac{1}{2} =$ ______

(A) $10\frac{1}{2}$

(B) $\frac{1}{2}$

(C) $\frac{1}{4}$

(D) $1\frac{1}{4}$

56.

1

2 3 4

5 6 7 8 9

10 11 12 13 14 15 16

17 18 19 20 21 22 23 24 25

___ ___ ___ ___ ___ ___ ___ ___ ___ ___

___ ___ ___ ___ ___ ___ ___ ___ ___ ___ ___ ___

ഈ പാറ്റേൺ തുടർന്ന് എഴുതിയാൽ 11 -ാം വരിയിലെ ആദ്യസംഖ്യ ഏത് ?


(A) 121

(B) 100

(C) 99

(D) 101

57. ചിത്രത്തിൽ x ന്റെ വില എത്ര ?




(A) 50

(B) 70

(C) 60

(D) 40

58. ആഗമന രീതിയുടെ സവിശേഷതയാണ്:

(A) അനേകം ഉദാഹരണങ്ങളിൽ നിന്ന് പൊതു തത്ത്വത്തിലേക്ക്

(B) പൊതു തത്ത്വത്തിൽ നിന്നും ഒരു പ്രത്യേക ഉദാഹരണത്തിലേക്ക്

(C) സൂത്രവാക്യം ഉപയോഗിച്ച് പ്രശ്നം പരിഹരിക്കൽ

(D) എല്ലാ അറിവുകളും കുട്ടികൾക്ക് നൽകൽ

59. തുടർച്ചയായ നാല് എണ്ണൽ സംഖ്യകളുടെ ശരാശരി ആകുന്നത് ഏത് ?

(A) 25

(B) 16

(C) 10.5

(D) 10.1

60. 7272 എന്ന സംഖ്യയെ 72 കൊണ്ട് ഹരിക്കുമ്പോൾ ഒരു കുട്ടിക്ക് 11 എന്ന് ഉത്തരം ലഭിച്ചു.ഈ തെറ്റ് പരിഹരിക്കാൻ ഏത് പ്രശ്നപരിഹരണ തന്ത്രമാണ് ഉപയോഗപ്പെടുത്തേണ്ടത് ?

(A) പട്ടിക തയ്യാറാക്കൽ

(B) ചെറിയ ഉദാഹരണങ്ങൾ എടുക്കൽ

(C) ഊഹിക്കലും പരിശോധിക്കലും

(D) ചിട്ടപ്പെടുത്തിയ ലിസ്റ്റ് തയ്യാറാക്കൽ

## PART - 1
## Environmental Studies
## Question Numbers 61 to 90

61. മണ്ണിന്റെ ചുവപ്പ് നിറത്തിനു കാരണം

(A) സിങ്ക് ഓക്സൈഡ്

(B) കോപ്പർ ഓക്സൈഡ്

(C) അയൺ ഓക്സൈഡ്

(D) അലൂമിനിയം ഓക്സൈഡ്

62. ഹരിതോർജ്ജ സ്രോതസ് അല്ലാത്തത് ?

(A) സൂര്യൻ

(B) ഭൗമതാപം

(C) തിരമാല

(D) കൽക്കരി

63. താഴെ പറയുന്നവയിൽ വേരിൽ നിന്ന് പുതിയ സസ്യങ്ങൾ ഉണ്ടാകുന്ന സസ്യം :

(A) ചേമ്പ്

(B) മരച്ചീനി

(C) ചെമ്പരത്തി

(D) കറിവേപ്പ്

64. കണ്ണിലെ മർദ്ദം വർദ്ധിക്കുന്നതിനാൽ കാഴ്ചശക്തി തകരാറിലാകുന്ന അവസ്ഥ

(A) ഗ്ലോക്കോമ

(B) തിമിരം

(C) ട്രക്കോമ

(D) സ്ലീറൈറ്റിസ്

65. വ്യാഴം, ശനി എന്നീ ഗ്രഹങ്ങളുടെ സാമ്യവ്യത്യാസം ഫലപ്രദമായി രേഖപ്പെടുത്താൻ ഏറ്റവും ഉചിതമായ സങ്കേതം :

(A) ആശയ ചിത്രീകരണം

(B) വെൻ ഡയഗ്രം

(C) ഫ്ലോ ചാർട്ട്

(D) ഫിഷ് ബോൺ ഡയഗ്രം

66. വിത്തു മുളയ്ക്കുന്നതിന്റെ ഘട്ടങ്ങൾ പഠിക്കുവാൻ ഏറ്റവും അനുയോജ്യമായ പഠന തന്ത്രം :

(A) ഫീൽഡ് ട്രിപ്

(B) പ്രകൃതി നടത്തം

(C) പ്രൊജക്ട്

(D) സെമിനാർ

67. 'BE' അന്വേഷണാത്മക പഠനമാതൃകയുടെ ഘട്ടങ്ങളിൽ ഉൾപ്പെടാത്തത് ?

(A) അന്വേഷിക്കൽ

(B) പ്രശ്നം ഏറ്റെടുക്കൽ

(C) കണ്ടെത്തലുകൾ വിനിമയം ചെയ്യൽ

(D) പരീക്ഷണങ്ങൾ ചെയ്യൽ

68. ജൈവമണ്ഡലത്തിലാകെയുള്ള ജൈവജാതികളുടെ എണ്ണം, അവയിൽ പ്രകടമാകുന്ന വ്യത്യാസങ്ങൾ, അവ തമ്മിലുള്ള പരസ്പരാശ്രയത്വം എന്നിവ സൂചിപ്പിക്കുന്ന വൈവിധ്യം :

(A) ജനിതക വൈവിധ്യം

(B) ജീവജാതി വൈവിധ്യം

(C) ആവാസവ്യവസ്ഥ വൈവിധ്യം

(D) ജൈവവൈവിധ്യം

69. അന്തരീക്ഷപാളിയുടെ ശരിയായ ക്രമം തിരഞ്ഞെടുക്കുക.

(A) സ്ട്രാറ്റോസ്ഫിയർ -> തെർമോസ്ഫിയർ -> ട്രോപ്പോസ്പിയർ -> മിസോസ്ഫിയർ

(B) മിസോസ്ഫിയർ -> തെർമോസ്പിയർ -> സ്ട്രാറ്റോസ്പിയർ -> ട്രോപ്പോസ്പിയർ

(C) തെർമോസ്ഫിയർ -> സ്ട്രാറ്റോസ്ഫിയർ -> ട്രോപ്പോസ്ഫിയർ -> മീസോസ്ഫിയർ

(D) ട്രോപ്പോസ്ഫിയർ -> സ്ട്രാറ്റോസ്ഫിയർ -> മീസോസ്പിയർ -> തെർമോസ്പിയർ

70. നക്ഷത്രങ്ങൾ ചിമ്മുന്നതായി തോന്നുന്നതിന് കാരണമായ പ്രതിഭാസം :

(A) അന്തരീക്ഷ പ്രതിഫലനം

(B) പൂർണ്ണ പ്രതിഫലനം

(C) പൂർണ്ണ അപവർത്തനം

(D) അന്തരീക്ഷ അപവർത്തനം

71. ഭൂമിയിൽ 60 kg ഭാരമുള്ള ഒരാൾക്ക് ചന്ദ്രനിൽ അനുഭവപ്പെടുന്ന ഭാരം എത്രയായിരിക്കും ?

(A) 60 kg

(B) 80 kg

(C) 10 kg

(D) 15 kg

72. 'കാമ്പസ് തന്നെ പാഠപുസ്തകം' എന്ന കാഴ്ചപ്പാടിൽ 2016 – ൽ കേരളത്തിലെ സ്കൂളുകളിൽ ആരംഭിച്ച വിദ്യാഭ്യാസ പദ്ധതി:

(A) എന്റെ മരം പദ്ധതി

(B) വേനൽ പച്ച

(C) ജൈവവൈവിധ്യ ഉദ്യാനം

(D) മണ്ണെഴുത്ത്

73. വിലയിരുത്തലുമായി ബന്ധപ്പെട്ട SEP യുടെ പൂർണ്ണരൂപം:

(A) Student Evaluation Portfolio

(B) Student Evaluation Profile

(C) School Evaluation Profile

(D) Student Evaluation Programme

74. താഴെപ്പറയുന്ന പ്രത്യേകതകൾ ഉള്ള ജീവികൾ ഏത് വിഭാഗത്തിൽപ്പെടുന്നു ?

- വിഘാടകർ ആണ്
- ഏകകോശജീവികളും ബഹുകോശജീവികളും ഉണ്ട്.
- മൈസീലിയം എന്ന തന്തുക്കൾ കൊണ്ട് ശരീരം നിർമ്മിച്ചിരിക്കുന്നു.

(A) ബാക്ടീരിയ

(B) ഫംഗസ്

(C) വൈറസ്

(D) ആൽഗ

75. കാഴ്ചശക്തിയെ സ്വാധീനിക്കുന്ന വിറ്റാമിൻ :

(A) വിറ്റാമിൻ A

(B) വിറ്റാമിൻ B

(C) വിറ്റാമിൻ C

(D) വിറ്റാമിൻ D

76. ഇരവികുളം എന്തിന് ഉദാഹരണമാണ്?

(A) ടൈഗർ റിസർവ്

(B) നാഷണൽ പാർക്ക്

(C) പക്ഷി സങ്കേതം

(D) വന്യജീവി സങ്കേതം

77. പോർട്ട്ഫോളിയോ വിലയിരുത്തലിന്റെ ഭാഗമല്ലാത്തത്:

(A) നോട്ട്ബുക്ക്

(B) സെമിനാർ അവതരണം

(C) പ്രൊജക്റ്റ് റിപ്പോർട്ട്

(D) സ്ക്രാപ്പ് ബുക്ക്

78. ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ എന്ന ശേഷി താഴെ പറയുന്ന ഏതു ശാസ്ത്രപഠന മേഖലയുമായി ബന്ധപ്പെട്ടതാണ്?

(A) വിജ്ഞാന മേഖല

(B) മനോഭാവ മേഖല

(C) പ്രക്രിയാശേഷി മേഖല

(D) സർഗാത്മക മേഖല

79. താഴെ പറയുന്നവയിൽ സസ്തനികൾ മാത്രം ഉൾപ്പെടുന്ന ഗ്രൂപ്പ് ഏത്?

(A) എക്കിഡ്ന, പ്ലാറ്റിപ്പസ്, വവ്വാൽ

(B) കങ്കാരു, പെൻഗ്വിൻ, ഡോൾഫിൻ

(C) കിവി, തിമിംഗലം, പശു

(D) എമു, കടൽക്കുതിര, കടൽ പശു

80. താഴെ പറയുന്നവയിൽ മുളയുമായി ബന്ധപ്പെട്ട ശരിയായ സവിശേഷതകൾ ഏത്?

(A) ഏകബീജപ്രതസസ്യം, ജാലിക സിരാവിന്യാസം, തായ്‌വേരുപടലം

(B) ദ്വിബീജപത്രസസ്യം, സമാന്തരസിരാവിന്യാസം, നാരു വേരുപടലം

(C) ദ്വിബീജപ്രതസസ്യം, ജാലിക സിരാവിന്യാസം, തായ്‌വേരുപടലം

(D) ഏകബീജപത്രസസ്യം, സമാന്തരസിരാവിന്യാസം, നാരു വേരുപടലം

81. 2019 എന്ന വർഷം ശാസ്ത്രലോകത്ത് പ്രാധാന്യമർഹിക്കുന്നത് എന്തുകൊണ്ട്?

(A) അന്തരാഷ്ട്ര രസതന്ത്ര വർഷം

(B) അന്താരാഷ്ട്ര ക്രിസ്റ്റലോഗ്രാഫി വർഷം

(C) ആവർത്തനപ്പട്ടികയുടെ അന്താരാഷ്ട്ര വർഷം

(D) അന്താരാഷ്ട്ര പ്രകാശവർഷം

82. താറാവ്, ചെമ്മീൻ എന്നിവ നെൽപ്പാടങ്ങളിൽ വളർത്തുന്ന കൃഷിരീതി :

(A) സംയോജിത കൃഷി


(B) സമ്മിശ്ര കൃഷി

(C) അക്വാപോണിക്സ്


(D) ഹൈഡ്രോപോണിക്സ്

83. ഭൂമിയിലെ ജലസമ്പത്തിന്റെ ശരിയായ ചിത്രീകരണം ഏത് ?


(A)





(B)




(C)



(D)




84. നവകേരളം കർമ്മ പദ്ധതിയിൽ എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യവുമായി ബന്ധപ്പെട്ടത്:

(A) ലൈഫ്

(B) ഹരിതകേരളം

(C) സാന്ത്വനം

(D) ആർദ്രം

85. ദ്വിവർഷി സസ്യത്തിന് ഉദാഹരണം :

(A) നെല്ല്

(B) പാവൽ

(C) ചീര

(D) ചേന

86. താഴെ പറയുന്നവയിൽ സൂര്യനിൽ നിന്ന് ഏറ്റവും അകലെ സ്ഥിതി ചെയ്യുന്ന ഗ്രഹം :

(A) ഭൂമി

(B) ബുധൻ

(C) ചൊവ്വ

(D) വ്യാഴം

87. ശരിയായ ജോഡി ഏത് ?

(A) നവംബർ 16 – ലോക ഓസോൺ ദിനം

(B) ജൂലൈ 2 – ലോക പ്രകൃതി സംരക്ഷണ ദിനം

(C) ഒക്ടോബർ 16 – ലോക ഭക്ഷ്യ ദിനം

(D) ഡിസംബർ 6 – ലോക മണ്ണ് ദിനം

88. ബാക്ടീരിയ മൂലമുണ്ടാകുന്ന ജലജന്യരോഗം :

(A) ടൈഫോയ്ഡ്

(B) ക്ഷയം

(C) മഞ്ഞപ്പിത്തം

(D) മലമ്പനി

89. നിലവിൽ എൽ. പി. തലത്തിലുള്ള ഗ്രേഡിംഗ് രീതിയിൽ 'C' ഗ്രേഡിന്റെ ഗ്രേഡ് പോയിന്റ് ശതമാനം :

(A) 50–75

(B) 60–85

(C) 45–59

(D) 40–59

90. പ്രസിദ്ധ പക്ഷി നിരീക്ഷകനായ സലിം അലിയുടെ ആത്മകഥ :

(A) സൈലന്റ് സ്പ്രിങ്

(B) ഒരു കുരുവിയുടെ പതനം

(C) ഇന്ത്യയിലെ പക്ഷികൾ

(D) സൂചിമുഖി

# PART - 2
# Malayalam
# Question Numbers 91 to 120

**താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങക്ക് ഉത്തരമെഴുതുക. (91 മുതൽ 95 വരെ )**

ക്ഷേത്രവേദികളിലും കോവിലകങ്ങളിലും നിന്ന് വളർച്ച നേടിയിട്ടുള്ള ഒരു കേരളീയ കലാരൂപമാണ് കഥകളി. വേഷം, രസാഭിനയം, നൃത്തം, ഗീതം, മേളം എന്നിവയിലെല്ലാം ശ്രദ്ധിക്കുന്ന ഒരു വിദഗ്ധ കലയാണിത്. കല്ലടിക്കോടൻ, കപ്ലിങ്ങാടൻ, കല്ലുവഴിച്ചിട്ട, എന്നിങ്ങനെ മൂന്ന് സമ്പ്രദായഭേദങ്ങൾ കഥകളിയിലുണ്ട്. കല്ലടിക്കോടൻ സമ്പ്രദായത്തിന്റെ ഉപജ്ഞാതാവായ ചാത്തുപ്പണിക്കർ ആംഗിക, ആഹാര്യ, സാത്വിക അഭിനയങ്ങൾക്കും ഗീതവാദ്യങ്ങൾ, ലാസ്യതാണ്ഡവങ്ങൾ എന്നിവയ്ക്കും നവീകരണങ്ങൾ വരുത്തി. ചുവന്ന താടിയുടെ കുറ്റിച്ചാമരത്തിന്റെ വ്യാസം വർദ്ധിപ്പിച്ചതും വെള്ളത്താടിക്ക് വട്ടമുടി നടപ്പിലാക്കിയതും കല്ലടിക്കോടൻ രീതിയിലാണ്. പിന്നീട് കപ്ലിങ്ങാട് നമ്പൂതിരി കഥകളിയിൽ സർവ്വ സ്പർശിയായ മറ്റൊരു നവീകരണം വരുത്തി. തിരനോട്ടം, മേളം എന്നിവയ്ക്കുള്ള പ്രാധാന്യം വർദ്ധിപ്പിക്കുകയും കത്തി, താടി വേഷങ്ങൾക്ക് ചുട്ടിപ്പൂവ് വേണമെന്ന് നിശ്ചയിക്കുകയും ചെയ്തത് കപ്ലിങ്ങാട് നമ്പൂതിരിയാണ്. മേല്പറഞ്ഞ രണ്ട് രീതികളുടെയും സമന്വയത്തിൽ നിന്നാണ് കല്ലുവഴിച്ചിട്ട എന്ന രീതി ഉത്ഭവിച്ചത്. ചൊല്ലിയാട്ടം മുതൽ മുദ്രവരെ എല്ലാക്കാര്യത്തിലും ഈ രീതിയിൽ കാര്യമായ ശ്രദ്ധ ചെലുത്തുന്നു. കല്ലുവഴിച്ചിട്ടയിലെ കലാശങ്ങൾ പ്രത്യേകിച്ചും രസഭാവവ്യഞ്ജകവും

ചലനാത്മകവുമായിരിക്കും.

91. കല്ലവഴിച്ചിട്ടയിലെ കലാശങ്ങൾക്ക് ഉള്ള പ്രത്യേകത എന്ത് ?

(A) ലാസ്യതാണ്ഡവ പ്രാധാന്യം ഉള്ളത്

(B) സർവ്വ സ്പർശിയായിരിക്കും

(C) ഒരു വിദഗ്ധ കലയായിരിക്കും

(D) രസഭാവവ്യഞ്ജകമായിരിക്കും

92. ലാസ്യതാണ്ഡവങ്ങളിൽ നവീകരണങ്ങൾ വരുത്തിയ ആചാര്യൻ ?

(A) കപ്ലിങ്ങാടൻ

(B) ചാത്തുപ്പണിക്കർ

(C) കല്ലടിക്കോടൻ

(D) ഉണ്ണായിവാര്യർ

93. കഥകളിയിൽ ആകെ എത്ര സമ്പ്രദായഭേദങ്ങൾ ഉണ്ട് ?

(A) ഒന്ന്

(B) രണ്ട്

(C) മൂന്ന്

(D) നാല്

94. കഥകളി എന്ന കലാരൂപത്തിന് നല്കാവുന്ന വിശേഷണം ?

(A) നൃത്തരൂപം

(B) കേരളീയ കലാരൂപം

(C) നാടോടി കലാരൂപം

(D) അനുഷ്ഠാന കലാരൂപം

95. കത്തി, താടി വേഷങ്ങൾക്ക് ചുട്ടിപ്പൂവ് വേണമെന്ന് നിശ്ചയിച്ചതാരാണ് ?

(A) ചാത്തുപ്പണിക്കർ

(B) കല്ലടിക്കോടൻ

(C) കപ്ലിങ്ങാട് നമ്പൂതിരി

(D) ഇരയിമ്മൻ തമ്പി

താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങക്ക് ഉത്തരമെഴുതുക. (96 മുതൽ 100 വരെ)

വെയിലാറുന്നു, കാഴ്ച മങ്ങുന്നു, കോലായിൽ
വെറുതേ കാലും നീട്ടി മുത്തശ്ശിയിരിക്കുന്നു.

നിഴലൊന്നനങ്ങുകിൽപ്പോലുമതാരാണെന്ന
മിഴികളാരായുന്നു, ചെത്തങ്ങൾ കാതോർക്കുന്നു.

ഇത്തിരിയില്ലാ കേൾവിക്കുറവെന്നിരുന്നാലും
ശ്രദ്ധിപ്പതനുമാത്രമാരുടെ കാലൊച്ചയോ ?

"ഓണത്തിനവൻ വന്നില്ലവധി വേണ്ടേ?- പെട്ടെ-
ന്നോടിയെത്തുവാ, നട്ടുത്തെങ്ങുമല്ലല്ലോ ജോലി.

ഇക്കുറി വിഷുവിനു വരുമെന്നല്ലേ കത്തിൽ ?
മക്കളുണ്ടടുത്തെങ്കിൽ കണിയെന്തിനു വേറെ ?"

ആരോടെന്നില്ലാതവരോരോന്നു പറയുമ്പോൾ
ഈറനാകുന്നു മിഴിയാശയാ, ലശ്രുക്കളാൽ.

**96. മുത്തശ്ശിയുടെ മിഴി ഈറനാകുന്നതിന് കാരണമെന്ത് ?**

**(A) വിഷുക്കണി കാണാൻ**

**(B) മക്കളെ കാണാനുള്ള ആശയാൽ**

**(C) പുതുവസ്ത്രങ്ങൾ ലഭിക്കാൻ**

**(D) ഓണാഘോഷം മുടങ്ങിയതിനാൽ**

**97. വെയിലാറുമ്പോൾ മുത്തശ്ശി എന്താണ് ചെയ്യുന്നത് ?**

**(A) കാഴ്ച മങ്ങുന്നു**

**(B) കത്ത് വായിക്കുന്നു**

**(C) വിഷുക്കണി ഒരുക്കുന്നു**

**(D) കോലായിൽ കാലും നീട്ടി ഇരിക്കുന്നു**

**98. നിഴലനങ്ങുമ്പോൾ മുത്തശ്ശി പ്രതികരിക്കുന്നതെങ്ങനെയാണ് ?**

**(A) ശബ്ദങ്ങൾ കാതോർക്കുന്നു**

**(B) മിഴികൾ ഈറനാകുന്നു**

**(C) കണി കാണുന്നു**

**(D) ആശ്വസിക്കുന്നു**

**99. ഓണത്തിന് മകൻ വരാത്തത് എന്തുകൊണ്ടാണെന്നാണ് മുത്തശ്ശി ആശ്വസിക്കുന്നത് ?**

**(A) സുഖമില്ലാത്തത് കൊണ്ട്**

(B) സ്നേഹമില്ലാത്തത് കൊണ്ട്

(C) അവധിയില്ലാത്തത് കൊണ്ട്

(D) അടുത്ത് താമസിക്കുന്നത് കൊണ്ട്

100. ഈ കവിതാ ഭാഗത്ത് മക്കളോടുള്ള സ്നേഹം ഏറെ പ്രകടമാകുന്ന വരി ?

(A) ശ്രദ്ധിപ്പതനമാത്രമാരുടെ കാലൊച്ചയോ

(B) മിഴികളാരായുന്നു, ചെത്തങ്ങൾ കാതോർക്കുന്നു

(C) മക്കളുണ്ടടുത്തെങ്കിൽ കണിയെന്തിനു വേറെ

(D) ഇക്കുറി വിഷുവിനു വരുമെന്നല്ലേ കത്തിൽ

101. "ആടറിയുമോ അങ്ങാടിവാണിഭം" എന്ന പഴഞ്ചൊല്ല് നൽകുന്ന ആശയം എന്ത് ?

(A) ഓരോരുത്തരും നിക്കേണ്ട നിലയ്ക്ക് നില്ക്കണം

(B) നിസ്സാരന്മാർക്ക് നല്ല വസ്തുക്കളുടെ ഗുണമറിയാൻ സാധിക്കില്ല

(C) അവരവരുടെ വില അവരവർക്ക് തന്നെ അറിയില്ല

(D) വിഷമാവസ്ഥയിൽ മനുഷ്യർ തങ്ങളുടെ നിലവിട്ട് പ്രവർത്തിക്കും

102. മലയാളത്തിലെ ആദ്യചെറുകഥ എന്ന് വിശേഷിപ്പിക്കുന്ന 'വാസനാവികൃതി' ഏത് പ്രസിദ്ധീകരണത്തിലാണ് ആദ്യം അച്ചടിച്ചുവന്നത് ?

(A) ഭാഷാപോഷിണി

(B) വിദ്യാവിനോദിനി

(C) മലയാളമിത്രം

(D) വിദ്യാവിലാസിനി

103. "ചിന്തയുടെ സംഘാടനത്തിനുള്ള ഉപകരണമാണ് ഭാഷ" എന്ന് അഭിപ്രായപ്പെട്ടത് ആര് ?

(A) പിയാഷേ

(B) വിഗോട്സ്കി

(C) ഷാഫർ

(D) ബഞ്ചമിൻ വോർഫ്

104. ശരാശരിയോ അതിൽക്കൂടുതലോ ബുദ്ധിവൈഭവം ഉണ്ടായിട്ടും പഠനത്തിന്റെ ഒരു മേഖലയിലോ, ഒന്നിലധികം മേഖലകളിലോ സമപ്രായക്കാരേക്കാൾ പിന്നാക്കം നില്ക്കുന്ന അവസ്ഥ :

(A) ബുദ്ധിപരമായ പരിമിതി

(B) ഓട്ടിസം

(C) സെറിബ്രൽ പാൾസി

(D) പഠന വൈകല്യം

105. വാഴയില - ഇത് എത് സന്ധിക്ക് ഉദാഹരണമാണ് ?

(A) ആഗമ സന്ധി

(B) ലോപ സന്ധി

(C) ആദേശ സന്ധി

(D) ദ്വിത്വ സന്ധി

106. നമ്പ്യാർ വിഭാഗത്തിലെ സ്ത്രീകൾ അവതരിപ്പിക്കുന്ന കലാരൂപം ഏതാണ് ?

(A) മോഹിനിയാട്ടം

(B) കൈകൊട്ടിക്കളി

(C) കേരളനടനം

(D) നങ്ങ്യാർകൂത്ത്

107. ഘടകപദങ്ങൾക്ക് തുല്യപ്രാധാന്യമുള്ള സമാസം ഏതാണ് ?

(A) തത്പുരുഷസമാസം

(B) ദ്വന്ദ്വസമാസം

(C) ബഹുവ്രീഹി സമാസം

(D) അവ്യയീഭാവസമാസം

108. ആദ്യ ജ്ഞാനപീഠപുരസ്കാരം ലഭിച്ച സാഹിത്യകാരൻ ആരാണ് ?

(A) ജി. ശങ്കരക്കുറുപ്പ്

(B) ശൂരനാട് കുഞ്ഞൻപിള്ള

(C) തകഴി ശിവശങ്കരപ്പിള്ള

(D) എസ്. കെ. പൊറ്റക്കാട്

109. ഫലപ്രദമായ ഭാഷാപഠനത്തിന് സ്വീകരിക്കാവുന്ന പഠനക്രമം ചുവടെ നല്കിയിരിക്കുന്നതിൽ ഏതാണ് ?

(A) അക്ഷരം -> പദം -> വാക്യം -> ആശയം

(B) പദം -> അക്ഷരം -> വാക്യം -> ആശയം

(C) ആശയം -> വാക്യം -> പദം -> അക്ഷരം

(D) വാക്യം -> പദം -> ആശയം -> അക്ഷരം

110. എലിമന്ററി വിദ്യാഭ്യാസത്തിന് എൻ. സി. എഫ് - 2005 നിർദ്ദേശിക്കുന്ന പഠന സമീപനം ഏതാണ് ?

(A) വിഷയാധിഷ്ഠിത സമീപനം

(B) അപഗ്രഥിത സമീപനം

(C) ആഖ്യാനാധിഷ്ഠിത സമീപനം

(D) ഉദ്ഗ്രഥിത സമീപനം

111. "തങ്ങളുടേതല്ലാത്ത ഭാഷയിൽ ബോധനം സ്വീകരിക്കുന്ന, ഒരു രാജ്യത്തിലെ കുട്ടികൾ ആത്മഹത്യ ചെയ്യുകയാണ്" ഇത് ആരുടെ വാക്കുകളാണ് ?

(A) ഗുരുനിത്യ ചൈതന്യ യതി

(B) ഗാന്ധിജി

(C) രവീന്ദ്രനാഥ ടാഗോർ

(D) വള്ളത്തോൾ

112. എൻ. സി. എഫ് – 2005 നിർദ്ദേശിച്ച ബോധനശാസ്ത്രത്തിൽ ഉൾപ്പെടുന്നത് ?

(A) നിരന്തര ബോധനം

(B) വൈരുധ്യാത്മക ബോധനം

(C) വിമർശനാത്മക ബോധനം

(D) മനഃശാസ്ത്ര ബോധനം

113. 'ദീപാളികുളിക്കുക' എന്ന ശൈലിയുടെ വ്യാഖ്യാനം :

(A) അനാവശ്യച്ചെലവ് നശിക്കുക

(B) വിശേഷ ദിവസങ്ങളിൽ ശുദ്ധിപാലിക്കുക

(C) ബന്ധനത്തിൽ അകപ്പെട്ട് ബുദ്ധിമുട്ടുക

(D) അബദ്ധത്തിലാവുക

114. വ്യത്യസ്ത കഴിവുകളുള്ള പ്രത്യേക പരിഗണന ആവശ്യമായ കുട്ടികൾക്ക് വേണ്ടി പാഠ്യപദ്ധതി വിനിമയത്തിൽ സ്വീകരിക്കേണ്ട തന്ത്രം എന്ത് ?

(A) പ്രത്യേക സ്കൂളിൽ വിദ്യാഭ്യാസം നൽകൽ

(B) പരീക്ഷയ്ക്ക് ആനുകൂല്യം നല്കൽ

(C) പാഠാസൂത്രണത്തിൽ അനുരൂപീകരണം നടത്തൽ

(D) അനൗപചാരിക വിദ്യാഭ്യാസം നൽകൽ

115. 'കുംഭകർണസേവ'- എന്ന ശൈലികൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

(A) ജ്യേഷ്ഠാനുജ സ്നേഹം

(B) ഭക്ഷണപ്രിയത്വം

(C) രാജഭക്തി

(D) വലിയ ഉറക്കം

116. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കായി പ്രസിദ്ധീകരിക്കുന്ന മാസിക ?

(A) ബാലശാസ്ത്രമാസിക

(B) ശാസ്ത്രകൈരളി

(C) തളിര്

(D) ബാലസാഹിത്യമാസിക

117. 'അക്ഷരങ്ങൾ കണ്ണാടിയിൽ എന്ന പോലെ തിരിഞ്ഞുപോവുക'- എന്നത് ഏത് തരം വൈകല്യത്തിന്റെ പ്രശ്നമാണ് ?

(A) ലേഖന വൈകല്യം

(B) വായന വൈകല്യം

(C) ബുദ്ധി വൈകല്യം

(D) സവിശേഷമായ പഠന വൈകല്യം

118. "തുമ്പപ്പൂവിലും തുമയെഴും നിലാ-

വമ്പിൽത്തൂവിക്കൊണ്ടാകാശ വീഥിയിൽ"

ഈ ഈരടിയുടെ സമാനതാളമുള്ള ഈരടി കണ്ടെത്തുക.

(A) വെട്ടിമുറിക്കുക കാൽച്ചങ്ങല വിഭോ

പൊട്ടിച്ചെറിയുകീ കൈവിലങ്ങും

(B) ഗുരുലഘുഭേദമിതഥികളിൽ

പരമോദാരന്മാർ കാണ്മീല നൂനം

(C) പനിനീർച്ചെമ്പക ചെറുമുള്ളേറ്റനിൻ

കുരുന്നു കൈവിരൽ മുറിഞ്ഞിതേ

(D) ചെന്നു പിന്നിൽ ഗൃഹപാഠകാലമാ-

യെന്നു ജ്യേഷ്ഠൻ തടഞ്ഞുണ്ടെട്ടന്നു

119. നിരീക്ഷണത്തിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ സാമാന്യജനങ്ങൾ ജന്മം നല്കിയ ചിന്തയുടെ രൂപം ഏതാണ് ?

(A) കടങ്കഥകൾ

(B) പ്രായോഗിക വ്യാകരണം

(C) പഴഞ്ചൊല്ലുകൾ

(D) പ്രാദേശിക ഭാഷ

120. തനതു നാടകം എന്ന സങ്കല്പം ആദ്യമായി അവതരിപ്പിച്ച് ആര് ?

(A) സി. എൻ. ശ്രീകണ്ഠൻ നായർ

(B) കാവാലം നാരായണപ്പണിക്കർ

(C) ഡോ. വയലാ വാസുദേവൻ പിള്ള

(D) ജി. ശങ്കരപ്പിള്ള

# PART - 3
# English
# Question Numbers 121 to 150

**Questions 121-126: Read the passage given and answer the questions that follow:**
What's a marsupial? A mammal with the mother having a pouch for carrying, feeding and protecting her young one is a marsupial. While a red kangaroo may be the largest marsupial, the newborn baby is very tiny. After a few months of sleeping, nursing and growing in mom's stomach pouch the young kangaroo begins to come out. But it hurries back to the pouch fast when frightened, hungry or cold. Then, at eight months old, it stays out. Red kangaroos are good swimmers. However, they are best known for their hopping abilities. Their long, powerful hind legs have big feet. Hopping moves them quickly over their grassy, shrubby and desert habitats. Meanwhile, a thick tail helps them balance and steer. What do red kangaroos eat? Grass, leaves and other vegetation. The red kangaroo's vegetarian diet provides much of its water. It can also go long periods without drinking. Staying in the shade, panting and limiting most activity to nighttime helps the red kangaroo conserve water and stay cool. Red kangaroos travel together in groups called mobs. Mobs include both males and females, with one male being dominant. Males show their dominance by "boxing" with other males. They balance on their tails and try pushing each other off balance with their forearms or by kicking their hind legs. This kicking ability, along with their sharp claws, can also be used by kangaroos to defend against Australia's wild dog, the dingo.

**121. Red kangaroos are _____________**

**(A) herbivores**

**(B) carnivores**

**(C) omnivores**

**(D) insectivores**

**122. Dingo is ___________**

**(A) an Australian red kangaroo**

**(B) is a wild wolf**

**(C) an Australian wild dog**

**(D) grass eating mammal**

**123. Pick out the word from the above passage that means, 'breathing hard and**

quickly'.

(A) boxing

(B) dominance

(C) hopping

(D) panting

124. Red kangaroo gets the water their body needs ___________.

(A) by drinking water from lakes and streams

(B) from tanks maintained in forest areas

(C) from the water stored in their pouches

(D) through their vegetarian diet

125. A marsupial is a _____________

(A) mother animal

(B) pouched mammal

(C) wild dog

(D) reptile

126. What helps red kangaroos to balance and steer?

(A) their habit of boxing with other red kangaroos

(B) staying in the shade

(C) their ability to conserve water

(D) their thick tails

Question 127-150: Choose the right options from the ones given along with each question.

127. Assimilation occurs when we modify or change new information to fit into our _________

(A) ZPD

(B) cognition

(C) schemas

(D) equilibrium

128. Identify the sentence that can be used for 'giving advice' from the options given below:

(A) I prefer coffee to tea.

(B) It can hardly be true.

(C) It is likely that she will resign.

(D) If I were in your position I would accept it.

129. _________ is a form of pre-assessment that allows a teacher to determine students' individual strengths, weaknesses, knowledge, and skills prior to instruction.

(A) summative evaluation

(B) formative evaluation

(C) diagnostic evaluation

(D) continuous evaluation

130. Children with _________ are self focussed and may not have patience for waiting their turn during classroom activities or when playing games with other children.

(A) down syndrome

(B) autism spectrum disorder

(C) mental retardation

(D) ADHD

131. Pick out the word opposite in meaning to 'truth'

(A) intruth

(B) untruth

(C) truthless

(D) distruth

132. Pick out the sentence that is similar in meaning to, 'Someone has picked my pocket.'

(A) My pocket was picked.

(B) My pocket has been picked.

(C) My pocket had been picked.

(D) My pocket is picked.

133. Lev Vygotsky is known for his theories in __________

(A) Social development

(B) Universal Grammar

(C) Reading

(D) Second Language Acquisition

134. He could not execute his plans. Identify the phrase that can replace 'execute'

(A) put aside

(B) give in

(C) carry out

(D) turn down

135. Pick out the sentence that is acceptable out of the following.

(A) It is raining since morning.

(B) It was raining since morning.

(C) It rained since morning.

(D) It has been raining since morning.

136. 'How do you know him? Reshma asked Rahul. This can be reported as ________

(A) Reshma asked Rahul how did he know him.

(B) Reshma asked Rahul how he knows him.

(C) Reshma asked Rahul how had he known him

(D) Reshma asked Rahul how he knew him.

137. She is accustomed to _________

(A) travel a lot

(B) travelling a lot

(C) travels a lot

(D) travelled a lot

138. Suggestopedia is a language teaching method that is formed by combining the terms "suggestion" and ____________

(A) etymology

(B) pedagogy

(C) neurology

(D) morphology

139. The expression 'on cloud nine' in the sentence, 'I feel I'm on cloud nine right now' means __________

(A) I am disappointed

(B) I feel elated

(C) I feel dejected

(D) I am impressed

140. Which one of the following is not an advantage of using ICT in teaching of English?

(A) improves engagement

(B) helps multi sensory learning

(C) helps vocabulary expansion

(D) improves knowledge retention

141. Athul is too weak ____________ stand up.

(A) with

(B) of

(C) to

(D) in

142. The error a learner makes in writing a sentence like, 'I seed a dog' is an example for ___________

(A) morphological error

(B) syntactical error

(C) punctuation error

(D) thematic error

143. Your friends saw it, ___________ ?

(A) don't they

(B) don't you

(C) didn't they

(D) didn't you

144. How many morphemes are there in the word, 'unbreakable' ?

(A) one

(B) two

(C) three

(D) four

145. Amal was <u>acquitted</u> of the charge of theft. The underlined word, 'acquitted' means ___________

(A) to discharge completely

(B) to disown fully

(C) to dismiss early

(D) to disobey with

146. If I met him _________

(A) I would tell him.

(B) I will tell him.

(C) I told him.

(D) I would have told him.

147. The term, 'input hypothesis' is associated with ________.

(A) Noam Chomsky

(B) Jean Piaget

(C) Stephen Krashen

(D) N. S. Prabhu

148. The sentence, "I'm afraid I can't accept this job" expresses the function _______

(A) polite denial

(B) strong disagreement

(C) seeking permission

(D) making assumption

149. Jayadeep is addicted ___________ gambling.

(A) with

(B) of

(C) about

(D) to

150. Identify the word with three syllables from the options given below.

(A) banana

(B) identical

(C) technology

(D) vegetable